ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ

134(2774) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ തീർക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള മുദ്രപ്പത്ര നിയമം വകുപ്പ് 28 എ 4-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് അന്തിമ ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി വിജ്ഞാപന തീയതി മുതൽ 30 ദിവസം എന്നത് ഒരു വർഷമായി നീട്ടുകയും മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. അപ്പീലിനുമേലുള്ള ജില്ലാ കളക്ടറുടെ ഉത്തരവിൽ അതൃപ്തി ഉള്ളവർക്ക് റിവ്യൂഹർജി സമർപ്പിക്കുന്നതിന് കേരള മുദ്രപ്പത്ര നിയമം 28 (എ) വകുപ്പിന്റെ (5) ഉപവകുപ്പിൽ പുതുതായി വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പീലുകളുടെ ത്വരിതഗതിയിലുള്ള തീർപ്പാക്കലിനായി ഗവ.സെക്രട്ടറി തലത്തിൽ തുടർച്ചയായും കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും കോൺഫറൻസുകൾ നടത്തി അപാകതകൾ പരിഹരിക്കുന്നതു സംബന്ധിച്ച് അവലോകനങ്ങൾ നടത്തുകയും അപ്പീലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. അപ്പീലുകൾ ലഭിക്കുന്നത് ഒരു തുടർപ്രക്രിയ ആയതിനാൽ തുടർന്നു ലഭിക്കുന്ന അപ്പീലുകളും പരിഗണിച്ചുവരുന്നുണ്ട്. വില നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച അപ്പീലുകൾ തീർപ്പാക്കുന്ന പ്രവർത്തനം ജില്ലാ കളക്ടർ തലത്തിലും, വില നിർണ്ണയിക്കാൻ വിട്ടുപോയ ഭൂമിയുടെ വില നിർണ്ണയിക്കുന്ന പ്രവർത്തനം ആർ.ഡി.ഒ. തലത്തിലുമാണ് നടക്കുന്നത്. ഫെയർവാല്യൂ പുതുക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒരു സംസ്ഥാനതല സബ് കമ്മിറ്റി രൂപവത്കരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഗവ.പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ), ലാന്റ് റവന്യൂ കമ്മീഷണർ, രജിസ്ട്രേഷൻ ഐ.ജി., 4 ജില്ലാ കളക്ടർമാർ, 4 സബ് കളക്ടർമാർ എന്നിവർ ചേർന്നുള്ളതാണ് സബ് കമ്മിറ്റി. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയാണ് ചെയർമാൻ.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ന്യായവില നിർണ്ണയത്തെക്കുറിച്ച് പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഫെയർ വാല്യൂവിൽ പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള അപ്പീൽ സംബന്ധിച്ച് ജില്ലാ കളക്ടർ തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി 90 ദിവസം എന്നത് 60 ആയി കുറച്ചുകൊണ്ട് 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules-ൽ ഭേദഗതി വരുത്തി 9-10-2015-ലെ G.O. (P) 185/2015/TD നമ്പരായി ഉത്തരവായിട്ടുണ്ട്. റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനായി 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules-ൽ 5A എന്ന ഒരു ചട്ടം കൂടി ചേർത്തിട്ടുമുണ്ട്.

രജിസ്ട്രേഷൻ മേഖലയിൽ ഓൺലൈൻ സംവിധാനം

135(2775) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ മേഖലയിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ആധാരം എഴുത്ത് ഓഫീസുകളെ ഓൺലൈൻ സമ്പ്രദായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ആധാരം എഴുത്തുകാരെ ഓൺലൈൻ സമ്പ്രദായത്തെക്കുറിച്ച് ബോധവത്കരിക്കുവാൻ സംഘടിപ്പിച്ച പരിശീലന പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) എല്ലാ ജില്ലകളിലെയും എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും ഇന്റർനെറ്റ് കണക്ഷനോടുകൂടിയ കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ടോ;

(ഇ) ഓൺലൈനിലൂടെ നൽകുന്ന രേഖകൾ ബാങ്കുകൾ ആധികാരിക രേഖയായി സ്വീകരിക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 314 സബ് രജിസ്ട്രാർ ഓഫീസുകൾ ഉള്ളതിൽ 287 ഓഫീസുകളിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) ആധാരം എഴുത്തുകാർക്ക് ഓൺലൈൻ ഉപയോഗിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. എല്ലാ ജില്ലകളിലും ആധാരം എഴുത്തുകാർക്ക് ഓൺലൈൻ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly